## 14 -ാം കേരള നിയമസഭ

## 22 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1324** **18-01-2021 - ൽ മറുപടിയ്ക്ക്**

## ആസ്തി വികസനഫണ്ട് വിനിയോഗിച്ച് നടപ്പിലാക്കുന്ന നിർമ്മാണപ്രവൃത്തികൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. വി. പി. സജീന്ദ്രൻ | | Prof. C. Raveendranath<br>(പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി) | |
| (എ) | ആസ്തി വികസനഫണ്ട് വിനിയോഗിച്ച് നടപ്പിലാക്കുന്ന നിർമ്മാണ പ്രവൃത്തികൾ ആയ ഊരക്കാട് യു.പി.എസ്., വടയമ്പാടി എൽ.പി.എസ്., വിലങ്ങ് യു.പി.എസ്., നോർത്ത് വാഴക്കുളം യു.പി.എസ്., മലയിടംതുരത്ത് എൽ.പി.എസ്. എന്നിവയുടെ നിർമ്മാണത്തിലുണ്ടായിട്ടുള്ള കാലതാമസത്തിന്റെ കാരണം വ്യക്തമാക്കാമോ; എപ്പോൾ നിർമാണം പൂർത്തിയാക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ; | (എ) | ഊരക്കാട് യു.പി.എസിന്റെ നിർമ്മാണ പ്രവർത്തനങ്ങളിൽ കാലതാമസം വന്നത് പൊളിച്ചുമാറ്റേണ്ട കെട്ടിടം തദ്ദേശ സ്വയംഭരണ തെരഞ്ഞെടുപ്പിന്റെ ബൂത്തായി പ്രവർത്തിക്കുന്നതിനാൽ ഇലക്ഷൻ കമ്മീഷനിൽ നിന്ന് ബൂത്ത് മാറ്റി സ്ഥാപിക്കുവാനുള്ള അനുമതി ലഭിക്കാതിരുന്നതിനാലും, തദ്ദേശ സ്വയംഭരണ തെരഞ്ഞെടുപ്പ് ആയതിനാൽ പഞ്ചായത്തിൽ നിന്നും ലഭിക്കേണ്ട അൺ-ഫിറ്റ് സർട്ടിഫിക്കറ്റ് ലഭിക്കാത്തതിനാലുമായിരുന്നു. വടയമ്പാടി എൽ.പി.എസിലെ അൺ-ഫിറ്റായ പഴയ കെട്ടിടം പൊളിക്കുന്നതിനുള്ള ലേല നടപടികൾ 04.11.2020-ൽ പൂർത്തിയായിട്ടുള്ളതാണ്. എന്നാൽ പഞ്ചായത്ത് ഇലക്ഷനുമായി ബന്ധപ്പെട്ട് പെരുമാറ്റചട്ടം നിലവിൽ വന്നതിനാൽ ടെൻഡർ നടപടികൾ പൂർത്തുക്ക പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ചില്ല. പുതിയ പഞ്ചായത്ത് ഭരണ സമിതിയുടെ ആദ്യ കമ്മിറ്റിയിൽ തന്നെ ലേല നടപടികൾ അംഗീകരിച്ചു തരണമെന്ന് ഹെഡ്മിസ്ട്രസ്സ് പഞ്ചായത്ത് സെക്രട്ടറിയെ രേഖാമൂലം അറിയിച്ചിട്ടുണ്ട്. ലേല നടപടികൾ അംഗീകരിച്ചു കിട്ടിയാൽ ഉടൻ പഴയ കെട്ടിടം പൊളിച്ചു മാറ്റി പുതിയ കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്. കെട്ടിടനിർമ്മാണം ആരംഭിച്ച് 6 മാസത്തിനുള്ളിൽ പൂർത്തിയാക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു. ജി.യു.പി.എസ് വിലങ്ങിന്റെ നിർമ്മാണ പ്രവർത്തനം തടസ്സപ്പെടാൻ കാരണം കോവിഡ് - 19 ലോക്ക് ഡൗണിന്റെ ഭാഗമായി കെട്ടിട നിർമ്മാണ തൊഴിലാളികൾ മടങ്ങി പോയതിനാലാണ്. ലോക്ക്ഡൗണിനു ശേഷം പ്രവൃത്തി ആരംഭിച്ചിട്ടുള്ളതുമാണ് ജി.എൽ.പി.എസ് മലയിടംതുരുത്തിന്റെ പ്രവൃത്തി മെയ് 2021-ന് തീർക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. വടക്കേ വാഴക്കുളം ഗവൺമെന്റ് യു.പി.എസിൽ എം.എൽ.എ | 

| | | | |
|---|---|---|---|
| | | | യുടെ ആസ്തിവികസന ഫണ്ട് ഉപയോഗിച്ച് 2013-14 വർഷം നടത്തിയ കെട്ടിട നിർമാണം പൂർത്തിയായിട്ടുള്ളതാണ്. |
| (ബി) | എം.എൽ.എ. ഫണ്ടിൽ നിന്നും അനുവദിച്ച തുക ഉപയോഗിച്ച് നോർത്ത് എഴിപ്രം യു.പി.എസിന് സ്കൂൾ ബസ് വാങ്ങുന്നതിലുള്ള കാലതാമസത്തിന്റെ കാരണം വ്യക്തമാക്കാമോ; തടസം നീക്കി ബസ് എപ്പോൾ ലഭിക്കുമെന്ന് വ്യക്തമാക്കാമോ? | (ബി) | നോർത്ത് ഏഴിപ്രം യു.പി.എസിന് 31 സീറ്റുള്ള ബസ്സ് വാങ്ങുന്നതിന് ശ്രീ.വി.പി.സജീന്ദ്രൻ എം.എൽ.എ യുടെ ഫണ്ടിൽ നിന്നും 16,52,300/-(പതിനാറ് ലക്ഷത്തി അമ്പത്തി രണ്ടായിരത്തി മുന്നൂറ് രൂപ മാത്രം) രൂപ അനുവദിച്ചിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ സ്കൂൾ ബസ്സ് വാങ്ങുന്നതിന് സ്റ്റോർ പർച്ചേസ് റേറ്റ് പ്രകാരം Gem പോർട്ടൽ വഴി bid ചെയ്യുകയും ചെയ്തു. bid-ൽ പങ്കെടുത്ത കമ്പനികൾ Quote ചെയ്ത തുകയിൽ ഏറ്റവും കുറഞ്ഞ തുകയ്ക്ക് SML ISUZU Ltd, ന് ഓർഡർ നൽകാൻ നടപടി സ്വീകരിക്കുകയും ചെയ്തു. എന്നാൽ ഇതേ കമ്പനി ഡയറക്ട് പർച്ചേസിൽ ഇതേ വാഹനത്തിന് 40,000/- രൂപയോളം കുറച്ചാണ് വിലയിട്ടിരിക്കുന്നത്. ഈ വിവരം Gem Nodal Office-ൽ അറിയിക്കുകയും, തുടർന്നുള്ള നിർദ്ദേശ പ്രകാരം കൂടിയ തുകയുടെ bid ക്യാൻസൽചെയ്ത് ഡയറക്ട് പർച്ചേസിന് 07/01/2021 ന് വാഹനത്തിന് സപ്ലൈ ഓർഡർ നൽകുകയും ചെയ്തിട്ടുണ്ട്. വാഹനം നൽകുന്നതിന് പരമാവധി Gem പോർട്ടലിൽ സമയം കാണിച്ചിരിക്കുന്നത് 07/05/2021 വരെ (120) ദിവസമാണ്. നടപടി ക്രമങ്ങൾ പൂർത്തീകരിക്കുന്നതിനുള്ള കാലതാമസം മാത്രമാണ് ഈ വിഷയത്തിൽ ഉണ്ടായിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ